പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 938. | 11.06.2014-ലെ മറുപടിയ്ക്ക്

**'കടൽ - മല- കായൽ മേഖലകളെ ബന്ധിപ്പിക്കുന്ന ടൂറിസം'**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.വി.ശ്രേയാംസ്കുമാർ<br>ശ്രീ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ് | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന ടൂറിസത്തെ ആഗോളതലത്തിൽ എത്തിക്കുന്നതിന് എത്രത്തോളം വിജയിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാന ടൂറിസത്തെ ആഗോളതലത്തിൽ എത്തിക്കുന്നതിന് വകുപ്പ് ഏറ്റെടുത്ത പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>• അന്താരാഷ്ട്ര വിനോദ സഞ്ചാരികളെ കേരളത്തിലേക്കാകർഷിക്കുന്നതിനായി അന്താരാഷ്ട്ര ടൂറിസം ഫെയറുകളിലും വ്യാപാര മേളകളിലും റോഡ് ഷോകളിലും പങ്കെടുക്കുന്നു.<br>• ആഭ്യന്തര വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി നടത്തുന്ന ദേശീയ ടൂറിസം വ്യാപാര മേളകളിലും, റോഡ് ഷോകളിലും പങ്കെടുക്കുന്നു, കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾ ബ്രാന്റിംഗ്, എയർപോർട്ടുകളിൽ എയർപോർട്ട് ഡിസ്പ്ലേ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള കാമ്പയിൻ. കേരളത്തിന്റെ തനതായ |

| | | | |
|---|---|---|---|
| | | | ഉൽപന്നങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചു വരുന്നു.<br>വിവിധ ദൃശ്യ - ശ്രവ്യ അച്ചടി മാദ്ധ്യമങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, സോഷ്യൽ മീഡിയ, ഫേസ് ബുക്ക്, തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങൾ തുടങ്ങി നൂതന പദ്ധതികളും ഇതിനോടൊപ്പം ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്.<br>മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ എന്നിവ, വിവിധ ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫേസ്ബുക്ക് എന്നിവ വഴി പരസ്യ പ്രചരണം നടത്തി വരുന്നു.<br>സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോത്സവം എന്നിവയിലൂടെ വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അത്തരത്തിൽ ആവിഷ്കരിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കടൽ - മല - കായൽ മേഖലകളെ ബന്ധിപ്പിക്കുന്ന ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് ടൂറിസം മേഖല ആകർഷകമാക്കാൻ നടപ്പു സാമ്പത്തിക വർഷം പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | 2014-15 നടപ്പു സാമ്പത്തിക വർഷത്തിൽ കടൽ - മല - കായൽ മേഖലകളെ ബന്ധിപ്പിക്കുന്ന പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**